Print Page

**Gramin Krishi Mausam Sewa**

India Meteorological Department

Kerala Agricultural University

Vellanikkara,Thrissur, Kerala

# Agromet Advisory Bulletin

**Date : 21-07-2020**

**Weather Forecast of PALAKKAD(Kerala) Issued On : 2020-07-21(Valid Till 08:30 IST of the next 5 days)**

| Date (y-m-d) | Rainfall (mm) | Tmax (°C) | Tmin (°C) | RH I (%) | RH II (%) | Wind Speed (kmph) | Wind Direction (Degree) | cloud cover (Octa) |
|---|---|---|---|---|---|---|---|---|
| 2020-07-22 | 15.0 | 30.0 | 23.0 | 98 | 71 | 10.0 | 270 | 8 |
| 2020-07-23 | 25.0 | 30.0 | 23.0 | 98 | 71 | 8.0 | 250 | 8 |
| 2020-07-24 | 18.0 | 30.0 | 23.0 | 98 | 71 | 10.0 | 230 | 8 |
| 2020-07-25 | 15.0 | 30.0 | 23.0 | 98 | 71 | 8.0 | 270 | 8 |
| 2020-07-26 | 3.0 | 30.0 | 23.0 | 98 | 71 | 10.0 | 250 | 6 |

## Weather Summary/Alert:

• Light to moderate rainfall is expected for coming days in the district.

• ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴ മുതൽ മിതമായ മഴ വരെ ഉണ്ടാകാൻ സാധ്യത.

## General Advisory:

• Micro-watershed is a type of water conservation method that can be adopted in non-water logging coconut plantations. The farm should be prepared with a slight slope so that the rainwater that falls in the surrounding area of the coconut palm flows into the palms. The field should be divided into as many water sheds as there is coconut in the farm. The rainfall received in each water shed is stored in the coconut base and slowly absorbed into the soil.

• വെള്ളക്കെട്ടില്ലാത്ത തെങ്ങിൻ തോപ്പുകളിൽ അനുവർത്തിക്കാവുന്ന ജല സംരക്ഷണ രീതിയാണ് മൈക്രോവാട്ടർഷെഡ്. ഓരോ തെങ്ങിന്റെയും ചുറ്റുമുള്ള സ്ഥലത്തു വീഴുന്ന മഴവെള്ളം തെങ്ങിൻ തടത്തിലേക്കു ഒഴുകിയെത്തുന്ന വിധത്തിൽ ചെറിയ ചരിവ് കൊടുത്തു കൃഷിയിടം ഇതിനായി ഒരുക്കണം. കൃഷിയിടത്തിൽ എത്ര തെങ്ങുണ്ടോ അത്രയും നീർത്തടങ്ങളായി കൃഷിയിടത്തെ തിരിക്കണം. ഓരോ നീർത്തടത്തിലും കിട്ടുന്ന മഴ തെങ്ങിൻ തടത്തിൽ സംഭരിക്കപ്പെടുകയും മണ്ണിലേക്ക് സാവകാശം ആഗിരണം ചെയ്യപ്പെടുകയും ചെയ്യുന്നു.

## SMS Advisory:

• As a prophylactic measure against bud rot of coconut in this rainy season, place 3 nos. of Trichoderma enriched neem cake at leaf axils around the bud region.

• മഴക്കാലത്തു തെങ്ങിൽ കൂമ്പു ചീയൽ രോഗം വരാൻ സാധ്യതയുള്ളതിനാൽ ട്രൈക്കോഡെർമ വേപ്പിൻ പിണ്ണാക്ക് കേക്ക് 3 എണ്ണം വീതം കൂമ്പോലക്കയ്ക്ക് ചുറ്റുമുള്ള ഇലക്കവിളുകളിൽ വച്ച് കൊടുക്കുക.

## Crop Specific Advisory:

| Crop(Varieties) | Crop Specific Advisory |
|---|---|
| RICE | • Intermittent rainfall will increase the chances of blast disease in rice. It was already found in some of the nurseries in the district. Eye shaped lesions will form initially in the leaves which will merge together and the leaves will dry off finally. As a precaution, spray pseudomonas at 20g per L. If the incidence was noticed, spray isoprothiolane 40 EC at 1.5ml per L. |
| | • ഇടവിട്ടുള്ള മഴ നെല്ലിലെ ബ്ലാസ്റ്റ് രോഗം അധികരിക്കുന്നതിനു കാരണമാകുന്നു. ഞാറ്റടിയിൽ പലയിടങ്ങളിലും ബ്ലാസ്റ്റ് രോഗം കണ്ടു വരുന്നുണ്ട്. കണ്ണിൻറെ ആകൃതിയിലുള്ള പുള്ളിക്കുത്തുകൾ വരുകയും അവ കൂടിച്ചേർന്ന് ഇലകൾ കരിഞ്ഞു പോകുന്നതുമാണ് ലക്ഷണം. ഇതിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമൊണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗബാധ ഉണ്ടെങ്കിൽ ഐസോപ്രൊതയോലേൻ 40 ഇ.സി. (Isoprothiolane 40 EC) ഒരു ലിറ്ററിന് 1.5 ml എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| RICE | • As a prophylactic measure against stem borer attack of rice, place 2cc egg cards of Trichogramma japonicum for one acre area. If the adult flies are noticed in the field, apply granular insecticide cartap hydrochloride at 5kg per acre. |
| | • നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കുന്നതിനായി ട്രൈക്കോഗ്രമ്മ ജാപോണിക്കത്തിന്റെ മുട്ടക്കാർഡുകൾ ഒരു ഏക്കറിന് 2cc എന്ന കണക്കിൽ ഞാറു പറിച്ചു നട്ടു ഒരാഴ്ചക്ക് ശേഷം സ്ഥാപിക്കുക. ശലഭത്തെ നെല്ചെടിയിൽ കണ്ടുതുടങ്ങിയാൽ കാർടാപ് ഹൈഡ്രോക്ലോറൈഡ് എന്ന തരി രൂപത്തിലുള്ള കീടനാശിനി ഒരു ഏക്കറിന് 5 കിലോ ഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക. |
| CUCUMBER | • There is a chance for the development of downy mildew in cucurbits during the rainy season. Spray Propineb 70WP at 2.5g/L or Mancozeb75WP at 3g/L if the disease is noticed. |
| | • മഴക്കാലങ്ങളിൽ വെള്ളരിവർഗ്ഗ വിളകളിൽ വരാൻ സാധ്യതയുള്ള രോഗമാണ് മൃദുരോമപ്പൂപ്പൽ. രോഗം ശ്രദ്ധയിൽപ്പെട്ടാൽ പ്രൊപിനെബ് 70 WP 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ മാങ്കോസെബ് 75 WP 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. |

## Livestock Specific Advisory:

| Livestock(Varieties) | Livestock Specific Advisory |
|---|---|
| GOAT | • The recommended area for one goat is 1m2 while preparing the goat shed. However, when this is not the case, respiratory infections occur during the monsoon season when they are overcrowded. It is characterized by a thick white and yellowish liquid coming out of the mouth and nose. If you notice any of these symptoms, be sure to seek appropriate treatment immediately. |
| | • ആട്ടിൻ കൂടു നിർമ്മിക്കുമ്പോൾ ഒരു ആടിന് 1m2 വിസ്തീർണ്ണമാണ് കണക്കാക്കുന്നത്. എന്നാൽ ഇത് പാലിക്കാതെ വരുന്ന അവസരങ്ങളിൽ ആടുകൾ തിങ്ങി പാർക്കുമ്പോൾ മഴക്കാലങ്ങളിൽ ശ്വാസകോശ സംബന്ധമായ അണുബാധയുണ്ടാകുന്നു. വായിൽ നിന്നും മൂക്കിൽ നിന്നും വരുന്ന വെള്ളയും മഞ്ഞയും നിറത്തിലുള്ള കട്ടികൂടിയ ദ്രാവകമാണ് ഇതിന്റെ ലക്ഷണം. ഇത്തരം ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ കൃത്യമായ ചികിത്സ നൽകാൻ ശ്രദ്ധിക്കുക. |